# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2523 27.01.2014 - ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി ട്രിബ്യൂണൽ രൂപീ കരിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് അറിയിക്കുമോ ; ഇതി നായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാറിന് ലഭി ച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; അതിലെ ശുപാർശകൾ എന്തൊ ക്കെയാണെന്ന് വിശദമാക്കാമോ ; | എ) 2.4.2013 ലെ ജി.ഒ (ആർ.റ്റി) നം. 1185/13/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ട്രിബ്യൂണൽ രൂപീകരിക്കണമെന്ന ആവശ്യത്തെ പ്പറ്റിയും കമ്പനികളിൽ നിന്ന് നഷ്ട പരിഹാരം ഈടാക്കാൻ സാധിക്കുമോ എന്നതിനെ സംബന്ധിച്ചും പരിശോധി ക്കുന്നതിന് നിയമ സെക്രട്ടറി കൺവീനറായും അഡ്വക്കേറ്റ് ജനറൽ , ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർ അംഗങ്ങളായും കമ്മറ്റി രൂപീകരിക്കാനും തീരുമാനിച്ച് ഉത്തര വായിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രധാന ശുപാർശകൾ താഴെ പറയുന്നവയാണ്.<br>1. സർവീസിലുള്ള ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ഏകാംഗ ജുഡീഷ്യൽ ഓഫീസറുടെ നേതൃത്ത്വത്തിൽ നഷ്ടപരിഹാരത്തിനും മറ്റ് ആനുകൂല്യ ങ്ങൾക്കായുമുള്ള അർഹത സംബന്ധി ച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു |

വേണ്ടി ട്രിബ്യൂണൽ രൂപീകരിക്കുക
2. മെഡിക്കൽ കോളേജിൽനിന്ന് ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിനെ ഉൾപ്പെടുത്തി ടീം രൂപീകരിച്ച് രോഗികളെ പരിശോധിക്കുന്നതിനും അർഹത സാക്ഷ്യപ്പെടുത്തുന്നതിനും ട്രിബ്യൂണൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾക്കായി കാറ്റഗറി തിരിക്കുകയും ചെയ്യുക.
3. എൻഡോസൾഫാൻ ദുരിതബാധിതർക്കോ അവരുടെ പ്രതിനിധികൾക്കോ കോടതി ഫീസ് കൂടാതെ സംസ്ഥാന സർക്കാരിനെതിരെ നഷ്ടപരിഹാരം സംബന്ധിച്ച കേസുകൾ ഫയൽ ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുക.
4. ട്രിബ്യൂണലിന്റെ അധികാരപരിധി നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായും സംസ്ഥാന സർക്കാരിന് പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ വിധി പ്രസ്താവിക്കുന്നതിന് ട്രിബ്യൂണലിന് അധികാരം അനുവദിച്ച് നൽകുക.
5. പ്ലാന്റേഷൻ കോർപ്പറേഷനോ, എൻഡോസൾഫാൻ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾക്ക് എതിരെയോ എൻഡോസൾഫാൻ ദുരിതബാധിതർ സമർപ്പിക്കുന്ന കേസുകൾ ഫയലിൽ സ്വീകരിക്കാതെ സിവിൽ കോടതിക്ക് അതിനുള്ള അധികാരം ഉള്ളതിനാൽ സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്നതിനായി മടക്കി നൽകുക.

| | | |
|---|---|---|
| | | 6. സംസ്ഥാന ഫണ്ടും കേന്ദ്രസർക്കാരിൽ നിന്നും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും കമ്മീഷൻ ശുപാർശ ചെയ്യുന്ന മറ്റുള്ളവരിൽ നിന്നും ലഭിക്കുന്ന സംഭാവനകളും ഫണ്ടും കൂടാതെ സർക്കാർ തീരുമാനിക്കുന്ന മറ്റ് സ്രോതസ്സുകളും ഉപയോഗിച്ച് ഒരു എൻഡോസൾഫാൻ റിലീഫ് ഫണ്ട് രൂപീകരിക്കുക.<br>7. ട്രിബ്യൂണൽ ഉത്തരവിടുന്ന നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും ദുരിതബാധിതർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ജില്ലാ തലത്തിൽ ഒരു ഏജൻസി രൂപീകരിക്കുക.<br>8. ട്രിബ്യൂണലിന് സംസ്ഥാന/ജില്ലാ ഭരണകൂടം/നടപ്പിലാക്കുന്ന ഏജൻസി ഇവർക്കെതിരെ ഉത്തരവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരങ്ങൾ നൽകുകയും ട്രിബ്യൂണലിന്റെ ഉത്തരവുകൾക്ക് അന്തിമവും ആധികാരികവുമായി നടപ്പിലാക്കേണ്ടതിന് മതിയായ അധികാരം ട്രിബ്യൂണലിന് നൽകുക. |
| ബി) | ദുരിതബാധിതരുടെ പ്രശ്നത്തിന് പരിഹാരമാവശ്യപ്പെട്ടുകൊണ്ട് സമരം നടത്തിയവർക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ ; | ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 25.3.2013 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിട്സ് ഉള്ളടക്കം ചെയ്യുന്നു. |
| സി) | എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം ചെയ്യുന്നവർ | സി) എൻഡോസൾഫാൻ ദുരിതമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ |

| | |
|---|---|
| ക്കെതിരെ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടിരുന്നോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി അറിയിക്കുമോ ? | പ്രവർത്തനങ്ങളെ സംബന്ധിച്ച് ഡോ. എം. മുരളീധരന്റെ ലേഖനം അടിസ്ഥാനമാക്കി ശ്രീ. രാജു ഷെറോഫ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിച്ച പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിക്ക് നൽകുകയും പ്രസ്തുത പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന തിനായി കാസറഗോഡ് ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ പ്രസ്തുത പരാതി പരിശോധിച്ച് ആവശ്യ മായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർ ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി ഡോ. മുരളീധരനും കത്ത് നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും അയച്ച കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**